# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in&kauagmet@yahoo.co.in


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## പാലക്കാട്ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 28/2020(56), വെള്ളിയാഴ്ച്ച    തീയ്യതി 10.07.2020

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 11.07.2020 | 12.07.2020 | 13.07.2020 | 14.07.2020 | 15.07.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 3 | 6 | 3 | 11 | 4 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 23 | 22 | 22 | 22 | 22 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 77 | 77 | 77 | 77 | 77 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 10 | 10 | 10 | 12 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട്സ്) | 7 | 8 | 8 | 8 | 7 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ വരും ദിവസങ്ങളിൽ മഴയുടെ തീവ്രത കുറഞ്ഞുവരാൻ സാധ്യത.**

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: കാർഷിക വിളകളെ മഴക്കാല രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി കൃഷിയിടങ്ങളിൽ മതിയായ നീർവാർച്ച സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക.** | | |
| നെല്ല് | ഞാറുപരുവം | നെല്ലിലെ സൂക്ഷ്മ - മൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി നെല്ലിന്റെ സമ്പൂർണ്ണ 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| തെങ്ങ് | പരിചരണം | മഴക്കാലത്ത് തെങ്ങിന്റെ തടം തുറന്ന് ഒരോ വലിയ തെങ്ങിനും ഒരു കിലോ കുമ്മായം എന്ന തോതിൽ ഇട്ടുകൊടുക്കുക. |
| വാഴ | മാണ അഴുകൽ | മഴ കൂടി വരുന്ന സാഹചര്യത്തിൽ വാഴയിൽ മാണ അഴുകലിനു സാധ്യതയുണ്ട്. പ്രതിരോധ നടപടി എന്ന നിലയിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി മൂന്ന് ലിറ്റർ വീതം ഓരോ വാഴയുടെ ചുവട്ടിലും ഒഴിച്ചു കൊടുക്കുക. |
| പച്ചക്കറികൾ വെള്ളരിവർഗ്ഗങ്ങൾ | മൃദുരോമപൂപ്പ് | അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ തളിക്കുക. |
| മൃഗസംരക്ഷണം | കൊതുക് മുട്ടയിട്ട് പെരുകുന്നത് തടയാൻ തൊഴുത്തും പരിസരവും വൃത്തിയാക്കി വെയ്ക്കുവാനും, വെള്ളക്കെട്ട് ഇല്ലാതിരിക്കാനും ശ്രദ്ധിക്കുക. ചാണാക്കുഴികളിൽ മഴ നേരിട്ട് വീഴാതെ മൂടിവെക്കുക. | |